"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്കും പ്രോഗ്രാം ഓഫീസർക്കും എൻ.യു.എൽ.എം പദ്ധതി ഘടകങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുള്ള യാത്രാനുമതി നൽകിയ ഉത്തരവ് ഭേദഗതി ചെയ്തും ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം) National Brain Storming Workshop on Urban Livelihood പങ്കെടുക്കുവാനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐഎ) വകുപ്പ്**

സ.ഉ.(സാധാ) നം.860/2023/LSGD തീയതി,തിരുവനന്തപുരം, 11-04-2023

---

പരാമർശം:- 1. സ.ഉ (സാധാ) നം. 613/2023/തസ്വഭവ തീയതി 15.03.2023.

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.03.2023-തീയതിയിലെ 5853/എഫ്/2021/കെഎസ്എച്ച്ഒ നമ്പർ കത്ത്.

**ഉത്തരവ്**

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്കും പ്രോഗ്രാം ഓഫീസർക്കും എൻ.യു.എൽ.എം പദ്ധതി ഘടകങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുള്ള യാത്രാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (2)-ലെ കത്ത് പ്രകാരം 21.03.2023-ന് ഡൽഹിയിൽ വച്ച് ദേശീയ നഗര ഉപജീവന മിഷനുമായി ബന്ധപ്പെട്ട് ഒരു ദിവസത്തെ ആശയ രൂപീകരണ ശില്പശാലയിൽ പങ്കെടുക്കുന്നതിനായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്കും പ്രോഗ്രാം ഓഫീസർക്കും (അർബൻ)-നും യാത്രാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. പരാമർശം (1)-ലെ ഉത്തരവിൽ ആന്ധ്രാപ്രദേശിലെ Mission for Elimination of Poverty in Municipalities (MEPA)-യിലെ പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനായി 2023 മാർച്ച് 18 മുതൽ 23 വരെ സന്ദർശനം നടത്തുന്നതിനായി മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്ക് യാത്രാനുമതി നൽകിയത് ഭേദഗതി ചെയ്ത് 2023 മാർച്ച് 18 മുതൽ 20 വരെ എന്ന് തിരുത്തിയും 21.03.2023-ന് ഡൽഹിയിൽ വച്ച് ദേശീയ നഗര ഉപജീവന മിഷനുമായി ബന്ധപ്പെട്ട് ഒരു ദിവസത്തെ ആശയ രൂപീകരണ ശില്പശാലയിൽ പങ്കെടുക്കുന്നതിനായി കുടുംബശ്രീ മിഷനിൽ നിന്നും എക്സിക്യൂട്ടീവ് ഡയറക്ടർക്കും, പ്രോഗ്രാം ഓഫീസർ (അർബൻ)-നും യാത്രാനുമതി നൽകിയും ഉത്തരവാകുന്നു.

3. മേൽ ഭേദഗതിയോടെ പരാമർശ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (File No. IA1/118/2023/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 11-04-2023 17:35:56

സെക്ഷൻ ഓഫീസർ